

# കുതിരത്തടം സെന്റ് ജോൺസ് ഇടവക

വി. യോഹന്നാൻ ശ്ലീഹായുടെ നാമധേയത്തിൽ ഇരിങ്ങാലക്കുട രൂപതയിലുള്ള ഏക ഇടവക ദേവാലയമാണ് കുതിരത്തടം. ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് (1869-70) പടക്കുതിരകളുടെ ലായമായി ഉപയോഗിച്ചിരുന്ന സ്ഥലമായതിനാലാണ് കുതിരത്തടം എന്ന പേർ ലഭിച്ചത്. പുരാതനങ്ങളായ പുത്തൻചിറ ഇടവകയും വെളയനാട് ഇടവകയും സന്ധിക്കുന്ന ഈ പ്രദേശം തിരുവിതാംകൂർ-കൊച്ചി എന്നീ നാട്ടുരാജ്യങ്ങളുടെ അതിർത്തിയായിരുന്നു. അതിന്റെ പ്രത്യക്ഷ തെളിവാണ് പള്ളിയുടെ തെക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന "കൊ-തി" (കൊച്ചി -തിരുവിതാംകൂർ) എന്ന് ആലേഖനം ചെയ്തിട്ടുള്ള പഴയ കരിങ്കൽ കുറ്റി.

## ദേവാലയ ആരംഭം

വിദൂരസ്ഥമായ ഇടവകപ്പള്ളികളിൽ വി. കുർബാനയ്ക്കും മറ്റു തിരുക്കർമ്മങ്ങൾക്കും പോകേണ്ടിയിരുന്ന ക്ലേശകരമായ സാഹചര്യത്തിന് മാറ്റം വരണമെന്ന് കുതിരത്തടംകാർ തീവ്രമായി ആഗ്രഹിച്ചിരുന്ന കാലഘട്ടമായിരുന്നു, 1978. പുത്തൻചിറ ഫൊറോനാ പള്ളി വികാരിയായിരുന്ന പെ. ബഹു. സിറിയക് അമ്പൂക്കനച്ചന്റെ നിർദ്ദേശാനുസരണം അന്നത്തെ അസി. വികാരി ബഹു. ജോസ് പന്തല്ലൂക്കാരനച്ചന്റെ നേതൃത്വത്തിൽ 1978 ജൂലൈ മാസത്തിൽ ഈ ഭാഗത്തുള്ള ജനങ്ങൾ സമ്മേളിച്ച് പള്ളിപണിയാൻ നിശ്ചയിക്കുകയും അതിനുവേണ്ടി പുത്തൻചിറ ഫൊറോനപള്ളി, വെളയനാട് പള്ളി എന്നീ ഇടവകകളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. അവരുടെ നേതൃത്വത്തിൽ പള്ളിപ്പണിക്ക് ഉചിതമായ സ്ഥലം കണ്ടെത്തുകയും തുടർന്ന് പുത്തൻചിറ വികാരിയായി സ്ഥലംമാറി വന്ന പെ. ബഹു. ആന്റണി പറോക്കാരനച്ചന്റെ അനുമതിയോടുകൂടി അന്തിമ തീരുമാനം എടുക്കുകയും 1978 ഡിസംബർ 16-ന് വാതുക്കാടൻ ഔസേഫ് ഔസേപ്പിന്റെ (കൊച്ചപ്പൻ) പക്കൽ നിന്ന് 65 സെന്റ് സ്ഥലംവാങ്ങുകയും ചെയ്തു.

പിന്നീട്, പുത്തൻചിറ ഫൊറോനാ വികാരിയായി നിയമിതനായ പെ. ബഹു. ജോസ് കാവുങ്കൽ അച്ചന്റെ നേതൃത്വത്തിൽ ശിലാസ്ഥാപനം നടത്തി പണി ആരംഭിച്ചു. സാമ്പത്തിക ക്ലേശംമൂലം നിർമ്മാണം



മതബോധന ഹാൾ - വൈദികമന്ദിര സമുച്ചയം

മന്ദഗതിയിലായിരുന്നു. ഇതിനിടെ പെരേപ്പാടൻ ഇട്ടീര ലോനപ്പൻ പിന്നീട് പള്ളിയിൽ കല്ലറ പണിയുമ്പോൾ രണ്ടു കല്ലറവീട്ടുകാർക്ക് ലഭിക്കണമെന്ന വ്യവസ്ഥയോടുകൂടി 35 സെന്റ് സ്ഥലം പള്ളിക്ക് നല്കുകയുണ്ടായി. അനന്തരം വികാരിയായിരുന്ന പെ. ബഹു. ജോസഫ് പടമാടൻ അച്ചന്റെ ഉത്സാഹത്താലാണ് ദേവാലയനിർമ്മാണം പൂർത്തിയാക്കിയത്. അടിത്തറയോടു ചേർന്ന് മൃതദേഹ സംസ്കാരത്തിനുവേണ്ടി ഏതാനും കല്ലറകൾ നിർമ്മിക്കുകയുംചെയ്തു.

വി. യോഹന്നാൻ ശ്ലീഹായുടെ നാമധേയത്തിലുള്ള പള്ളിയുടെ കൂദാശാകർമ്മം 1984 ജനുവരി 26-ന് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് സാഘോഷം നിർവ്വഹിച്ചു. തുടർന്ന് പുത്തൻചിറ ഫൊറോനാപള്ളിയുടെ കീഴിലുള്ള കുരിശുപള്ളി എന്ന നിലയിൽ അവിടെ നിന്നുള്ള ബഹു. വൈദികരാണ് ഇവിടെ ഞായറാഴ്ചകളിലും സൗകര്യമുള്ള മറ്റു ദിവസങ്ങളിലും തിരുക്കർമ്മങ്ങൾ അനുഷ്ഠിച്ചിരുന്നത്. ഇടവകയുടെ ഉപയോഗത്തിന് ഇനിയും കൂടുതൽ സ്ഥലം ആവശ്യമാണെന്ന് മനസ്സിലാക്കി, 1986-ൽ ചാലിശ്ശേരി വറീത് തോമസ് 60 സെന്റ് നിലം ദാനമായി നല്കി. 1988-ൽ സൗകര്യാർത്ഥം പൊതുസിമിത്തേരി പണിത് വെഞ്ചിരിച്ചു.

## ഇടവക

ഇവിടത്തെ ആദ്ധ്യാത്മിക പുരോഗതിക്കായി കുരിശുപള്ളിയെ 1989 ഒക്ടോബർ 1-ാം തിയ്യതി അഭിവന്ദ്യപിതാവ് 790/89 കല്പനപ്രകാരം (orderNo. 790/89 dated 14.9.1989) ഉയർത്തി. അന്ന് പുത്തൻചിറ ഫൊറോന പള്ളി വികാരിയായിരുന്ന വെ. റവ. ഫാ. ജോൺ വാഴപ്പിള്ളി (Jr.)യെ പ്രഥമ വികാരിയായി നിയമിക്കുകയും ചെയ്തു. അക്കാലത്ത് 4 കുടുംബയൂണിറ്റുകളിലായി ആകെ 82 കുടുംബങ്ങളാണ് ഇടവകയിൽ ഉൾപ്പെട്ടിരുന്നത്. ആദ്യകാലങ്ങളിൽ പുത്തൻചിറ ഫൊറോന പള്ളിയിൽ നിന്നും പിന്നീട്, കൊറ്റനെല്ലൂർ, വെളയനാട് എന്നിവിടങ്ങളിൽ നിന്നുള്ള വികാരിമാരാണ് ഇവിടെ അജപാലന ശുശ്രൂഷയ്ക്കായി നിയുക്തരായിരുന്നത്.

## മതബോധനഹാൾ, വൈദികമന്ദിരം

1997-ൽ ഓഫീസിന്റെ സൗകര്യാർത്ഥം സങ്കീർത്തിയുടെ മുകളിൽ മുറികൾ പണിതു. ആദ്യകാലങ്ങളിൽ പള്ളിയിലും പരിസരത്തുമായി വേദോപദേശ ക്ലാസ്സുകൾ നടത്തിയിരുന്നു. 1999-ൽ വികാരിയായിരുന്ന ബഹു. സണ്ണി കളമ്പനാതടത്തിലിന്റെ നേതൃത്വത്തിൽ മതബോധനഹാളിന്റെ ശിലാസ്ഥാപനം നടത്തി പണിയാരംഭിച്ചു. 2001 ജനുവരിയിൽ നിർമ്മാണം പൂർത്തിയായപ്പോൾ അഭിവന്ദ്യപിതാവാണ് ആശീർവദിച്ചത്. അതിനോടുചേർന്ന് പണിതീർത്ത വൈദിക മന്ദിരവും അന്നേദിവസം വെഞ്ചിരിച്ചു.

## കപ്പേള



വാ. മറിയംത്രേസ്യ കപ്പേള

പള്ളിക്ക് സമീപം ജംഗ്ഷനിൽ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ നാമധേയത്തിൽ 2002-ൽ പണിത കപ്പേള രൂപതാ മെത്രാൻ വെഞ്ചിരിക്കുകയുണ്ടായി.

## ഭവനദാനം

യേശുവിന്റെ കരുണാദ്ര സ്നേഹത്തിന്റെ ക്രിസ്തീയ സാക്ഷ്യമായി 2006 ആഗസ്റ്റ് 15-ന് ഇടവ കാംഗമായ പെരേപ്പാടൻ ഔസേപ്പ് ഔസേപ്പ് ദാനമായി നല്കിയ സ്ഥലത്ത് 8 വീടുകൾ പണിത് പാവപ്പെട്ട വർക്ക് നല്കുകയുണ്ടായി.

## സ്ഥിരതാമസമുള്ള വികാരി

കുതിരത്തടം ഇടവകയിൽ 2004 ജനുവരിയിൽ അഭിവന്ദ്യപിതാവ് സ്ഥിരതാമസമുള്ള വികാരിയെ നിയ മിച്ചു. റവ. ഫാ. വർഗ്ഗീസ് മാള്യേക്കലാണ് ഇദംപ്രഥമ മായി നിയുക്തനായത്.

## രജതജൂബിലി, നവീന ദേവാലയസംരംഭം

രജത ജൂബിലിയോടനുബന്ധിച്ച് പുതിയ പള്ളി യുടെ നിർമ്മാണത്തിനുവേണ്ടിയുള്ള ഒരുക്കത്തിലാണ് ഇടവകജനം. ദേവാലയ നിർമ്മാണത്തിനുവേണ്ടി പള്ളിയുടെ പടിഞ്ഞാറു ഭാഗത്തുള്ള നാല്പത്തൊമ്പ തേകാൽ സെന്റ് നികത്തുഭൂമിയും 72 സെന്റ് നിലവും പെരേപ്പാടൻ ഔസേഫ് പോളി പള്ളിക്കുവേണ്ടി വാങ്ങി യത് 2007-ൽ വികാരി റവ. ഫാ. ആൻഡ്രൂസ് ചെതലനും, കൈക്കാരന്മാരും ഏറ്റെടുക്കുകയും 2007 ആഗസ്റ്റ് 15-ന് അഭിവന്ദ്യ പിതാവ് അടിസ്ഥാനശില സ്ഥാപി ക്കുകയും ചെയ്തു. തുടർന്ന് നിർമ്മാണത്തിനുവേണ്ടി യുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.